**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന് കീഴിലുള്ള രണ്ട് ഗവൺമെന്റ് ജില്ലാ ആശുപത്രികളിലെയും പതിനഞ്ച് സർക്കാർ സ്കൂളുകളിലെയും അടിസ്ഥാന സൗകര്യ വികസനത്തിന് NIDA പദ്ധതി പ്രകാരം 26,19,00,000/-(ഇരുപത്തിയാറ് കോടി പത്തൊൻപത് ലക്ഷം) രൂപ നബാർഡിൽ നിന്നും വായ്പ എടുക്കുന്നതിന് - അനുമതി - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

**സ.ഉ(സാധാ) നം.2624/2018/തസ്വഭവ തിരുവനന്തപുരം, തീയതി,12.10.2018**

==========================================================

പരാമർശം:- 1. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 16/01/18 തീയതിയിലെ ഇ 7/4871/17/റ്റി.ഡി.പി നം. കത്ത്.

2. 09.08.2018-ലെ സ.ഉ.(സാധാ) നം.2193/2018/തസ്വഭവ നമ്പർ ഉത്തരവ്.

3. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 10.10.2018 തീയതിയിലെ ഇ 7/4871/17/റ്റിഡിപി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന് കീഴിലുള്ള രണ്ട് ഗവൺമെന്റ് ജില്ലാ ആശുപത്രികളിലെയും പതിനഞ്ച് സർക്കാർ സ്കൂളുകളിലെയും അടിസ്ഥാന സൗകര്യ വികസനത്തിന് NIDA പദ്ധതി പ്രകാരം 26,19,00,000/- (ഇരുപത്തിയാറ് കോടി പത്തൊൻപത് ലക്ഷം) രൂപ നബാർഡിൽ നിന്നും വായ്പ എടുക്കുന്നതിന് തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന് പരാമർശം(2) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിൻ പ്രകാരം ലോൺ അനുവദിക്കുന്നതിന് നബാർഡ് സാങ്കേതിക തടസ്സം ഉന്നയിക്കുന്നു എന്ന് പരാമർശം(3) പ്രകാരം തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ ഉത്തരവിൽ വ്യക്തത വരുത്തുന്നതിനായി പരാമർശം (2) ഉത്തരവിലെ മൂന്നാം ഖണ്ഡിക ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

"തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് NIDA പദ്ധതി പ്രകാരം വായ്പ എടുക്കുന്ന തുകയിൽ നബാർഡിന് ഓരോ വർഷവും തിരിച്ചടയ്ക്കേണ്ടതായ തുക, സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിച്ചുകൊണ്ട് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവിൽ വ്യക്തമാക്കുന്നതും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസ്തുത തുക ഒടുക്കുന്നതിനുള്ള ബില്ലുകൾ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിക്കേണ്ടതും മേൽതിരിച്ചടവിനുശേഷം അവശേഷിക്കുന്ന തുക തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന് വികസന പദ്ധതികൾക്കായി പിൻവലിക്കാവുന്നതുമാണ് എന്ന നിബന്ധനയ്ക്ക് വിധേയമായി തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൻ കീഴിലുള്ള, ചുവടെ

ചേർക്കുന്ന രണ്ട് സർക്കാർ ജില്ലാ ആശുപത്രികളിലെയും പതിനഞ്ച് സർക്കാർ സ്കൂളുകളിലെയും അടിസ്ഥാന സൗകര്യ വികസനത്തിന് NIDA പദ്ധതി പ്രകാരം 26,19,00,000/- (ഇരുപത്തിയാറ് കോടി പത്തൊൻപത് ലക്ഷം) രൂപ നബാർഡിൽ നിന്നും വായ്പ എടുക്കുന്നതിന് അനുമതി നൽകുന്നു."

2. പരാമർശം (2) ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി/പ്രസിഡന്റ്, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്.

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (02.06.18, 21.07.18 തീയതികളിലെ 749106/പി.യു-ബി3/28/2018/ധന നമ്പർ കുറിപ്പ്)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ